പലിശ സബ്സിഡി നൽകാൻ നടപടി

104 (4264) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കു വേണ്ടിയുള്ള പലിശ സബ്സിഡി നൽകുവാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 1. പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ഇനത്തിൽ 2002-03-ൽ അനുവദിച്ച 300 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്.

2. കാർഷിക കടാശ്വാസത്തിന്റെ ഭാഗമായി അനുവദിച്ച 13.99 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളത് റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ലോൺ ടേക്കോവർവഴി അനുവദിച്ച വായ്പത്തുകയും യഥാർത്ഥത്തിൽ അടച്ചതുകയും

105 (4265) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിൽ യു.ഡി.എഫ്. നേതൃത്വത്തിൽ ഭരണ സമിതി നിലവിൽ വന്നതിനുശേഷം, മറ്റ് ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും എത്ര വായ്പകൾ ഏറ്റെടുക്കുവാൻ പുതിയ വായ്പകൾ അനുവദിക്കുകയുണ്ടായി ;

(ബി) മറ്റ് ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും വായ്പകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അവ ഏതെല്ലാം വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേരിൽ എന്തു തുക വീതമുള്ള വായ്പകളായിരുന്നു എന്ന് വിശദമാക്കാമോ ;

(സി) ലോൺ ടേയ്ക്കോവർ വഴി അനുവദിച്ച വായ്പാതുകയും ബന്ധപ്പെട്ട ബാങ്കുകളിൽ യഥാർത്ഥത്തിൽ അടച്ച തുകയും എത്രവീതം എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 10 വായ്പകൾ

(ബി & സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ പാരലൽ കോളേജുകൾ

106 (4266) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സഹകരണ പാരലൽ കോളേജുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിൽ കോളേജുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ബാലുശ്ശേരി സഹകരണ കോ-ഓപ്പറേറ്റീവ് പാരലൽ കോളേജ് എന്നാണ് രജിസ്റ്റർ ചെയ്തതെന്നും എത്ര ടീച്ചർമാരായ അംഗങ്ങളും എത്ര ബിരുദധാരികളായ അംഗങ്ങളും ഉണ്ട് എന്നും വെളിപ്പെടുത്താമോ ;

(ഡി) ഈ കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വർക്കിംഗ് ക്യാപിറ്റൽ എത്രയാണെന്നും എത്ര ടീച്ചർമാർ പ്രവർത്തിക്കുന്നുണ്ടെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 83 എണ്ണം.

(ബി) ഒരു സഹകരണ പാരലൽ കോളേജും 6 സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ബാലുശ്ശേരി സഹകരണ പാരലൽ കോളേജ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് ലിമിറ്റഡ് നം. ഡി. 2772 എന്ന സംഘം 15-6-2002- ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘത്തിൽ 2 ബിരുദധാരികളായ അംഗങ്ങൾ ഉണ്ട്. 31 ടീച്ചർമാരെ കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

(ഡി) 2 ലക്ഷം രൂപ ഓഹരി മൂലധനമായി പിരിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ 31 ടീച്ചർമാർ പ്രവർത്തിക്കുന്നുണ്ട്.

മുൻ ഗവൺമെന്റിന്റെ കാലത്ത് പിരിച്ചുവിടപ്പെട്ട സഹകരണ സ്ഥാപനങ്ങൾ

107 (4267) ശ്രീ. എ. കെ. മണി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സഹകരണ ബാങ്കുകൾ ഉൾപ്പെടെ എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി ഗവൺമെന്റിന്റെയോ സഹകരണ വകുപ്പിലെ അധികാരികളുടെയോ ഉത്തരവുമൂലം പിരിച്ചുവിടപ്പെട്ടു ;

(ബി) ഇവയിൽ ഏതിന്റെയെല്ലാം പിരിച്ചുവിടൽ കോടതി ഉത്തരവുമൂലം തടയപ്പെട്ടു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 105 സഹകരണ സ്ഥാപനങ്ങൾ.

(ബി) 32 സഹകരണ സ്ഥാപനങ്ങളുടെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. (സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly